# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 97** — **11.07.2016 ൽ മറുപടിക്ക്**

## വിദ്യാഭ്യാസ മേഖലയിൽ ഉദ്ദേശിക്കുന്ന അടിയന്തര ഇടപെടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) മലാപ്പറമ്പ് സ്കൂൾ പൂട്ടാനിടയായതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉദ്ദേശിക്കുന്ന അടിയന്തര ഇടപെടൽ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ മലാപ്പറമ്പ് എ.യു.പി. സ്കൂൾ ഉൾപ്പെടെ 4 സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. 1958 - ലെ കേരള വിദ്യാഭ്യാസ നിയമത്തിന്റെ സെക്ഷൻ 7(6) ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) സർക്കാർ വിദ്യാലയങ്ങൾ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ളതാക്കി മാറ്റാൻ പശ്ചാത്തല സൗകര്യത്തിലും അക്കാദമിക് സൗകര്യത്തിലും വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; | (ബി) സ്കൂളുകളിലെ അക്കാദമിക് നിലവാരവും, അടിസ്ഥാന സൗകര്യവും കൂടുതൽ മെച്ചപ്പെടുത്തിയും, സാങ്കേതികവിദ്യ കൂടുതൽ പ്രയോജനപ്പെടുത്തിയും അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ? | (സി) കൂടുതൽ ക്ലാസ്സുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യം ഏർപ്പെടുത്തുന്നതും, അദ്ധ്യയന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുൾപ്പെടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനാവശ്യമായ വിഷയങ്ങൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ